സി കെ ശശികുമാർ
തിരുവനന്തപുരം

കേരളത്തിൽനിന്നുള്ള ആദ്യ തലമുറ ഐടി സംരംഭകൻ സി കെ ശശികുമാർ (80) കാലിഫോർണിയയിൽ അന്തരിച്ചു. ഭാര്യ: ഗിരിജ ശശികുമാർ (ഉമ). മക്കൾ: കണ്ണൻ, വിവേക്. അനുസ്മരണ ചടങ്ങ് ഞായർ വൈകിട്ട് അഞ്ചിന് വഴുതക്കാട് ട്രിവാൻഡ്രം ക്ലബ് ഇല്ലം ഹാളിൽ നടക്കും.

അഹമ്മദലി
അണ്ടൂർക്കോണം

പറമ്പിൽപാലം വാഴപ്പള്ളി വീട്ടിൽ അഹമ്മദലി (83, റിട്ട. സെൻട്രൽ ഗവ. പ്രസ്) അന്തരിച്ചു. ഭാര്യ: പരേതയായ ജമീലാബീവി. മക്കൾ: ഫൈസൽ (റാസൽഖൈമ), ഷമീം (സൂപ്രണ്ട്, അഗ്രികൾച്ചറൽ ഡിപ്പാർട്ട്മെന്റ് തിരുവനന്തപുരം), ഷജീം (ഇൻഫോസിസ്). മരുമക്കൾ: ഷൈജാബീഗം (അധ്യാപിക, ഗവ. യുപിഎസ് പോത്തൻകോട്), പരേതനായ അമാനുള്ളാഖാൻ, നിജ ലത്തീഫ്.

എ സരസമ്മ
നെടുമങ്ങാട്

വാണ്ട കൃഷ്ണവിലാസത്തിൽ എ സരസമ്മ (86) അന്തരിച്ചു. ഭർത്താവ്: പരേതനായ ജി ഗോപാലപിള്ള. മക്കൾ: കൃഷ്ണൻകുട്ടി, വിജയകുമാരി, ശകുന്തള (സിപിഐ എം കണ്ണാറംകോട് ബ്രാഞ്ച് സെക്രട്ടറി), സുദർശനൻ, പരേതനായ വാണ്ട മണികണ്ഠൻ, ബിന്ദു. മരുമക്കൾ: വിജയലക്ഷ്മി, രാജഗോപാലൻനായർ, പരേതനായ വേലായുധൻ, ജയശ്രീ, രാജ്മോഹൻ. സഞ്ചയനം ഞായർ രാവിലെ 8.30ന്.



ശശികുമാരൻ നായർ
വട്ടിയൂർക്കാവ്

അറപ്പുര അജന്താനഗറിൽ എഎൻആർഎ 121ൽ ബബിത ഭവനിൽ ശശികുമാരൻ നായർ (72) അന്തരിച്ചു. ഭാര്യ: എസ് നളിന കുമാരി. മക്കൾ: ബബിത, ലിബിത. മരുമക്കൾ: പി പ്രദീപ് കുമാർ, എസ് സുജിത് നായർ. സഞ്ചയനം വ്യാഴം 8.30ന്.

എ കനകമ്മ
തിരുവനന്തപുരം

വഞ്ചിയൂർ ടിസി 82/1223 തേജസിൽ എ കനകമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ സന്താനഗോപാലൻ. മകൻ: മുരുകൻ (ജന്മഭൂമി തിരുവനന്തപുരം). മരുമകൾ: എൻ സജിത (ഫാർമസെയ്ഡ് പിആർഎസ് ഹോസ്പിറ്റൽ). സഞ്ചയനം ഞായർ എട്ടിന്.

ഗൗരിക്കുട്ടിയമ്മ
കല്ലിയൂർ

കാക്കാമൂല പറങ്കിമാംവിള ഗൗരി മന്ദിരത്തിൽ ഗൗരിക്കുട്ടിയമ്മ (87) അന്തരിച്ചു. ഭർത്താവ്: പരേതനായ കൃഷ്ണൻനായർ. മക്കൾ: സുരേഷ് കുമാർ, ശാരദകുമാരി, രാജലക്ഷ്മി, നളിനി, പ്രദീപ് കുമാർ, മല്ലിക കുമാരി, ബിനു കുമാർ. മരുമക്കൾ: മദനകുമാരി, അപ്പുക്കുട്ടൻ നായർ, ചന്ദ്രൻ നായർ, രാജേന്ദ്രൻ നായർ, നിഖില, ഉണ്ണിക്കൃഷ്ണൻ നായർ, ആതിര. സഞ്ചയനം വ്യാഴം എട്ടിന്.

ഗ്രേഷ്യസ്
ചേരപ്പള്ളി

ഇറവൂർ വലിയകുളം പുഷ്പവിലാസം വീട്ടിൽ ഗ്രേഷ്യസ് (52) അന്തരിച്ചു. ഭാര്യ: ഷൈല. മക്കൾ: ജിജോ, ജിനു. പ്രാർഥന ചൊവ്വ രാവിലെ എട്ടിന്.

ശൈലജകുമാരി
മലയിൻകീഴ്

മച്ചേൽ മഹാത്മ നഗറിൽ ശൈലാദ്രിയിൽ ശൈലജകുമാരി (69, രാധ) അന്തരിച്ചു. ഭർത്താവ്: കെ ദിവാകരൻ നായർ. മക്കൾ: മണികണ്ഠൻ, ശ്രീകണ്ഠൻ, ശ്രീജ. മരുമക്കൾ: കെ സി അർച്ചന, മഞ്ജുഷ, അയ്യപ്പൻ നായർ. സഞ്ചയനം വ്യാഴം രാവിലെ 8.30ന്.

എം റസീലയ്യൻ
പട്ടം

ഗൗരീശപട്ടം ജിആർഎ 22ൽ എം റസീലയ്യൻ (95) അന്തരിച്ചു. ഭാര്യ: ബി ബേബി. മക്കൾ: ശ്രീകുമാരി, ബാബു (ജെസി ഡാനിയേൽ ട്രസ്റ്റ് ചെയർമാൻ), ശ്രീലതകുമാരി, വസന്തകുമാരി, ജയകുമാരി. മരുമക്കൾ: കെ ജി വിജയകുമാർ, ജെ ശോഭ, ബി സത്യൻ, പരേതനായ വിജയൻ.

അശോകൻ
പാളയംകുന്ന്

കുന്നുംപുറം കുന്നുംപുറത്ത് വീട്ടിൽ അശോകൻ (52) അന്തരിച്ചു. സംസ്കാരം ശനി 12.30ന്. ഭാര്യ: ഗീത. മക്കൾ: വൈഷ്ണവി, വിഷ്ണു. മരുമകൻ: ബിനു.

ആമിനബീവി
മംഗലപുരം

വെയിലൂർ ശാസ്തവട്ടം കെ കെ വനത്തിൽ ജാസ്മിമൻസിലിൽ ആമിനബീവി (72) അന്തരിച്ചു. ഭർത്താവ്: പരേതനായ അബ്ദുൾ റഷീദ്. മക്കൾ: ജാസ്മിൻ, കബീർ, ജസീറ, ഷജീഖാൻ, നദീറ. മരുമക്കൾ: നജീം, ഷൈലബീവി, ഫസിൽ, റബീന, നൗഷാദ്.

സുശീലാമ്മ
പുളിയറക്കോണം

മണ്ണയം ചിറക്കോണത്ത് പുത്തൻവീട്ടിൽ സുശീലാമ്മ (74) അന്തരിച്ചു. സഹോദരങ്ങൾ: ശാരദ, ജയന്തി. സഞ്ചയനം വ്യാഴം എട്ടിന്.

മധുസൂദനൻ
വെള്ളനാട

കീഴാറൂർ ശാസ്താംകോണം റോഡരികത്തുവീട്ടിൽ മധുസൂദനൻ (56) അന്തരിച്ചു. ഭാര്യ: കുമാരി. മക്കൾ: കിരൺ, കീർത്തി. മരുമക്കൾ: പ്രകാശ്. സഞ്ചയനം തിങ്കൾ ഒമ്പതിന്.

എൻ സാബു
നെയ്യാറ്റിൻകര

കണിപ്പുറം കൃഷ്ണാഞ്ജലി വീട്ടിൽ എസ്ആർഎ 44എൽ എൻ സാബു (51) അന്തരിച്ചു. ഭാര്യ: എസ് മീര. മകൾ: അഞ്ജലി എം സാബു. സഞ്ചയനം ചൊവ്വ 8.30ന്.

ജി നാരായണൻനായർ
വടശ്ശേരിക്കോണം

ജികെ ഭവനിൽ ജി നാരായണൻനായർ (87) അന്തരിച്ചു. സംസ്കാരം ശനി രാവിലെ 10.30ന്. ഭാര്യ: തുളസിഭായിയമ്മ. മക്കൾ: ഹരി, ജയകൃഷ്ണൻ. മരുമക്കൾ: ബീന, ഗീത.

എം പത്മകുമാരി
പേയാട്

ചന്തമുക്ക് ജന്നത്തിൽ എം പത്മകുമാരി (62) അന്തരിച്ചു. ഭർത്താവ്: നാഗേന്ദ്രൻ. മക്കൾ: സാജൻകുമാർ (ഡ്രീംസ് ഓട്ടോമോട്ടീവ്, പള്ളിച്ചൽ), സിമിമോൾ. മരുമക്കൾ: എം ജി സുനില, സന്തോഷ്കുമാർ. സഞ്ചയനം ചൊവ്വ 8.30ന്.

ദുബായിൽ നിര്യാതനായി
തിരുവനന്തപുരം

കണ്ണാന്തുറ ജോബി നിവാസിൽ ജോസഫ് സെബാസ്റ്റ്യൻ (67) ദുബായിൽ അന്തരിച്ചു. ശനി രാവിലെ നാട്ടിലെത്തിക്കുന്ന മൃതദേഹം വൈകിട്ട് മൂന്നിന് കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ സംസ്കരിക്കും. ദുബായിലുള്ള മകൻ ജോബി ജോസഫിന്റെയും മരുമകൾ ജിനി ഫൗസ്റ്റിന്റെയും അടുത്തേക്ക് ഭാര്യ ബ്രിജിറ്റ് ജോസഫിനൊപ്പം സന്ദർശന വിസയിൽ കഴിഞ്ഞ മാസം എത്തിയതായിരുന്നു. കഴിഞ്ഞ ദിവസം ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെത്തുടർന്ന് ദുബായിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിച്ചു. ഇന്ന് നാട്ടിലേക്ക് മടങ്ങാനിരിക്കെയാണ് അന്ത്യം.

ഹാരിസ്
മലയിൻകീഴ്

ചൂഴാറ്റുകോട്ട പാലം തലയ്ക്കൽ വീട്ടിൽ ഹാരിസ് (82) അന്തരിച്ചു. സഹോദരങ്ങൾ: നേശമ്മ, ബാബു, പരേതരായ മണിയൻ, ഓമന. സഞ്ചയനം : വ്യാഴം രാവിലെ എട്ടിന്.

ബി എസ് രേവതി
തത്തിയൂർ

കോട്ടയ്ക്കൽ കൊക്കിടിമേലെ പുത്തൻവീട്ടിൽ ബി എസ് രേവതി (21) അന്തരിച്ചു. കെ ബിജു, എസ് സിന്ധു ദമ്പതികളുടെ മകളാണ്. സഞ്ചയനം ചൊവ്വ രാവിലെ ഒമ്പതിന്.

രമേഷ്
വട്ടിയൂർക്കാവ്

കൊടുങ്ങാനൂർ മുട്ടക്കോണം അനുഗ്രഹ ജിആർഎ എ– 101 രമേഷ് (53, ഉണ്ണി, എക്സ്. സർവീസ്) അന്തരിച്ചു. ഭാര്യ: ജി എൻ ലേഖ (സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്). മകൾ: അനുപമ (ടിസിഎസ്, കൊച്ചി). സഞ്ചയനം വ്യാഴം എട്ടിന്.

സി മോഹനൻ
ആറ്റിങ്ങൽ

അവനവൻചേരി ഡ്രീം ഹൗസിൽ സി മോഹനൻ (63) അന്തരിച്ചു. ഭാര്യ: റീത്തകുമാരി. മക്കൾ: മിഥുൻമോഹൻ, രാഹുൽമോഹൻ. സഞ്ചയനം ചൊവ്വ 8.30ന്.

എസ് മോഹൻകുമാർ
നെയ്യാറ്റിൻകര

അമരവിള തെക്കേക്കുളങ്ങരയിൽ എസ് മോഹൻകുമാർ (50, എംജിഎൻആർഇജിഎസ് ഓവർസിയർ, ചെങ്കൽ പഞ്ചായത്ത്) അന്തരിച്ചു. ഭാര്യ: ബിന്ദു. മക്കൾ: നന്ദുമോഹൻ, നിതിൻമോഹൻ. സഞ്ചയനം ചൊവ്വ എട്ടിന്.

കെ തുളസി
കുളത്തൂർ

ശാന്തിനഗർ മണക്കാട്ടുവിളാകത്ത് കെ തുളസി (75) അന്തരിച്ചു. ഭർത്താവ്: പരേതനായ അപ്പുക്കുട്ടൻ. മക്കൾ: അനിത, അജിത, സിന്ധു. മരുമക്കൾ: അനിരുദ്ധൻ, അരവിന്ദൻ, പ്രതാപൻ. സഞ്ചയനം വ്യാഴം രാവിലെ 8.30ന്.

എസ് കൃഷ്ണൻ
തൈക്കാട്

മേട്ടു എംആർഎ 160 എ മേടെവീട്ടിൽ ടിസി 28/728ൽ എസ് കൃഷ്ണൻ (55, പ്രൊഫഷണൽ കൊറിയർ, തൈക്കാട്) അന്തരിച്ചു. സംസ്കാരം ശനി രാവിലെ 11ന് ശാന്തികവാടത്തിൽ. ഭാര്യ: നിർമ്മല. മക്കൾ: കെ വിജയ്, സ്നേഹ.

സുനിൽകുമാർ
മലയിൻകീഴ്

ശാന്തുംമൂല ആൽത്തറ ജങ്ഷൻ സരോവരത്തിൽ സുനിൽകുമാർ (49) അന്തരിച്ചു. അച്ഛൻ: പരേതനായ സി ചന്ദ്രൻ. അമ്മ: സരോജിനി അമ്മ. സഹോദരങ്ങൾ: പരേതനായ രാജേന്ദ്രൻ, അനിൽകുമാർ, സന്തോഷ് കുമാർ. സഞ്ചയനം വെള്ളി 8.30ന്.

മറിയക്കുട്ടി എസ്തപ്പാൻ
ഉഴവൂർ

വട്ടതൊട്ടിയിൽ മറിയക്കുട്ടി എസ്തപ്പാൻ (87) അന്തരിച്ചു. സംസ്കാരം പിന്നീട്.

ആതിര ഹരി
തിരുവനന്തപുരം

കരമന നെടുങ്കാട് പള്ളിത്താനം ടിസി 21/670 ഹരിശ്രീയിൽ ആതിര ഹരി (36) അന്തരിച്ചു. അച്ഛൻ: പരേതനായ രഘുനാഥൻനായർ. അമ്മ: അംബിക കുമാരി. ഭർത്താവ്: ഹരീഷ്കുമാർ. മക്കൾ: വാസുദേവ്, അനന്തപത്മനാഭൻ. സഞ്ചയനം വ്യാഴം 8.30ന്.

കെ മനോഹരൻ
വെഞ്ഞാറമൂട്

പിരപ്പൻകോട്, പേങ്ങാട്ട് വീട്, ജിത്തു ഭവനിൽ മനോഹരൻ (48) അന്തരിച്ചു. ഭാര്യ: ബീന. മക്കൾ: മീര മനോഹരൻ, പരേതനായ മനുജിത്ത്. സഞ്ചയനം ഞായർ രാവിലെ 8.30 ന്.

മനോഹരൻ
വിളപ്പിൽശാല

വാഴവിളാകം മനോജ് ഭവനിൽ മനോഹരൻ (63) അന്തരിച്ചു. ഭാര്യ: എസ് ലത. മക്കൾ: മനോജ്, അശ്വതി, ചിഞ്ചു. മരുമക്കൾ: വിജിത, ഗിരീഷ് ചന്ദ്രൻ, ബിനു. സഞ്ചയനം തിങ്കൾ 8:30ന്.

കെ കെ ജോസഫ്
കുറുമുള്ളൂർ

കുഴിയംപറമ്പിൽ കെ കെ ജോസഫ് (കുഞ്ഞപ്പൻ – 89) അന്തരിച്ചു.

കലാമണ്ഡലം ശിവരാമൻ അന്തരിച്ചു
ചൂണ്ടൽ

പഞ്ചവാദ്യകലാകാരൻ പുതുശേരി കലാമണ്ഡലം ശിവരാമൻ (89) അന്തരിച്ചു. പഞ്ചവാദ്യകലയെ നവീകരിച്ച അതുല്യ പ്രതിഭയാണ്. ഗുരുവായൂർ ക്ഷേത്രത്തിൽ നായർക്കും ഈഴവനും ദളിതനും

പഞ്ചവാദ്യം അവതരിപ്പിക്കാനുള്ള അവകാശ സമരമായ പഞ്ചവാദ്യസേവയ്ക്കുവേണ്ടി 1987ൽ നടന്ന ചരിത്ര പോരാട്ടത്തിന് നേതൃത്വം നല്കിയവരിൽ ഒരാളാണ്. ഈ സമരത്തെത്തുടർന്നാണ് 1988ൽ ഗുരുവായൂർ ക്ഷേത്രത്തിനകത്ത് ദളിതർക്ക് പഞ്ചവാദ്യം

നടത്താൻ അനുമതി കിട്ടിയത്. പിന്നീട് അത് നിർത്തി. കലാമണ്ഡലത്തിൽ പഞ്ചവാദ്യത്തിൽ ആദ്യം പഠനം പൂർത്തീകരിച്ച ദളിത് വിദ്യാർഥിയുമാണ്. പഞ്ചവാദ്യകലയിലെ അഞ്ചുവാദ്യങ്ങളും അനായാസം കൈകാര്യം ചെയ്യാൻ കഴിവുള്ള വാദ്യകലാകാരനായിരുന്നു. തിമിലയിലും മദ്ദളത്തിലും ഒരേപോലെ മികവു തെളിയിച്ച അത്യപൂർവമായ പഞ്ചവാദ്യകലാകാരന്മാരിൽ ഒരാളായിരുന്നു. അന്നമനട പരമേശ്വരമാരാരുടെയും കടവല്ലൂർ ഗോവിന്ദൻ നായരുടെയും പ്രധാന ശിഷ്യൻമാരിലൊരാളാണ്. അന്നകര ചിറക്കൽ ഉത്സവത്തിനിടയിലുണ്ടായ അപകടത്തെത്തുടർന്ന് വർഷങ്ങളായി കിടപ്പിലായിരുന്നു. സംസ്കാരം നടത്തി.

ഭാര്യ: പരേതയായ ചീരു. മക്കൾ: രാജേശ്വരി, രഞ്ജിത്ത് (തിമില കലാകാരൻ). മരുമക്കൾ: സുധാകരൻ, ഷിജി.

ശ്രീകുമാർ
ചങ്ങനാശേരി

മുൻ സെക്രട്ടറിയറ്റ് ഉദ്യോഗസ്ഥൻ പെരുന്ന ഞാണ്ടയിൽ ശ്രീകുമാർ (65) അന്തരിച്ചു. പുല്ലാട് ശ്രീവിഹാറിൽ കുടുംബാംഗമാണ്. ഭാര്യ: മീനാക്ഷി.

മറിയക്കുട്ടി എസ്തപ്പാൻ
ഉഴവൂർ

വട്ടതൊട്ടിയിൽ മറിയക്കുട്ടി എസ്തപ്പാൻ (87) അന്തരിച്ചു. സംസ്കാരം പിന്നീട്.

ശിൽപ്പി എൻ ജനാർദ്ദനൻ അന്തരിച്ചു

കൊല്ലം

മുളയിൽ വൈവിധ്യമാർന്ന ശിൽപ്പങ്ങളൊരുക്കി ശ്രദ്ധേയനായ ശിൽപ്പി ആശ്രാമം കുറവൻപാലം ഹരിശ്രീ നഗർ– 89 വയലിൽവീട്ടിൽ എൻ ജനാർദ്ദനൻ (78)അന്തരിച്ചു. അസുഖബാധിതനായി ചികിത്സയിലായിരുന്നു. കുറവൻപാലത്ത് ബാർബർഷോപ് നടത്തുകയായിരുന്നു.

കേരള ലളിതകലാ അക്കാദമിയുടെ പ്രദർശനത്തിലും ബാംബു കോർപറേഷന്റെ എക്സിബിഷനുകളിലും നിരവധിതവണ ക്ഷണിതാവായി പങ്കെടുത്തിട്ടുണ്ട്. ബംഗളൂരു, ഗോവ എന്നിവിടങ്ങളിലും ആശ്രാമത്തെ പാരമ്പര്യ കരകൗശ കലാമേളയിലും ശിൽപ്പ പ്രദർശനം നടത്തിയിട്ടുണ്ട്. മുളയിലാണ് കൂടുതൽ ശിൽപ്പങ്ങളൊരുക്കിയത്. കല്ലിലും തടിയിലും ചെയ്തിട്ടുണ്ട്. ഭാര്യ രാജമ്മ. മക്കൾ: ഗിരി, മനു, ലക്ഷ്മിപ്രിയ. മരുമക്കൾ: ലിജി, വീണ, സുനിൽ. സഞ്ചയനം ചൊവ്വാഴ്ച.

ട്രെയിനിടിച്ച് ദമ്പതികൾ മരിച്ചു

മുള്ളൂർക്കര

സുനിൽകുമാർ, ഭാര്യ മിനി

ആറ്റൂരിൽ ട്രെയിനിടിച്ച് ദമ്പതികൾ മരിച്ചു. മുള്ളൂർക്കര വണ്ടിപ്പറമ്പ് കിഴക്കേപ്ലാരയ്ക്കൽ സുനിൽകുമാർ (54), ഭാര്യ മിനി (39) എന്നിവരാണ് മരിച്ചത്. വെള്ളിയാഴ്ച പകൽ 12ന് തൃശൂർ ഭാഗത്തു നിന്ന് വരികയായിരുന്ന വേണാട് എക്സ്പ്രസാണ് തട്ടിയത്. ആറ്റൂർ കമ്പനിപ്പടി ജുമാഅത്ത് പള്ളിക്കു സമീപത്താണ് അപകടം. സുനിൽകുമാർ മരംവെട്ടു തൊഴിലാളിയാണ്. ഭാര്യ ചിറ്റാട്ടുകര എളവള്ളി സ്വദേശിനിയാണ്. മക്കൾ: അക്ഷയ്, അശ്വിൻ, ആർതിക്. ആത്മഹത്യയാണെന്നു സംശയിക്കുന്നതായി പൊലീസ് പറഞ്ഞു.

ചെറുതുരുത്തി പൊലീസ് മേൽനടപടി സ്വീകരിച്ചു. മൃതദേഹം തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ. സംസ്കാരം പോസ്റ്റുമോർട്ടത്തിനുശേഷം ശനിയാഴ്ച നടക്കും.

ബൈക്കിടിച്ച് റേഷൻകടയുടമ മരിച്ചു

സംഭവം അപകടത്തിൽ പരിക്കേറ്റയാളെ രക്ഷിക്കുന്നതിനിടെ

നാരായണൻ

കുഴൽമന്ദം

അപകടത്തിൽ പരിക്കേറ്റ യുവാവിനെ രക്ഷിക്കുന്നതിനിടെ ബൈക്കിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന റേഷൻ കടയുടമ മരിച്ചു. കുഴൽമന്ദം പെരുങ്കുന്നം എക്കോട് വീട്ടിൽ നാരായണൻ (59) ആണ് മരിച്ചത്. ഫെബ്രുവരി 18ന് രാത്രി എട്ടരയ്ക്കാണ് അപകടമുണ്ടായത്. ദേശീയപാതയിൽ വെള്ളപ്പാറ സംഗമം ഹോട്ടലിനുമുന്നിൽ ബൈക്കിടിച്ച് പരിക്കേറ്റ് കിടന്ന യുവാവിനെ രക്ഷപ്പെടുത്തുന്നതിനിടയിൽ പാലക്കാടു നിന്നും ആലത്തൂർ ഭാഗത്തേക്ക് പോകുകയായിരുന്ന മറ്റൊരു ബൈക്ക് നാരായണനെയും പെരുങ്കുന്നം സ്വദേശി സുരേഷിനെയും ഇടിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ നാരായണൻ തൃശൂർ gവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ശനിയാഴ്ച രാവിലെ ഒമ്പതിനാണ് മരിച്ചത്. കുഴൽമന്ദം പൊലീസ് ഇൻക്വസ്റ്റ് നടത്തി. മഞ്ഞാടി റേഷൻ ഷോപ് നടത്തുകയായിരുന്നു നാരായണൻ. ഭാര്യ: സുഗന്ധി. മക്കൾ: അശ്വതി, ആനന്ദ്. സഹോദരങ്ങൾ: രാമചന്ദ്രൻ (റിട്ട. എസ്ഐ), വിജയൻ, ശ്രീനിവാസൻ, രുഗ്മിണി, പരേതനായ ഗോപാലകൃഷ്ണൻ.

ഉറങ്ങിക്കിടന്ന തമിഴ്നാട് സ്വദേശിയെ തലയ്ക്കടിച്ചു കൊന്നു

ചവറ

മഹാലിംഗം

മൊബൈൽ ഫോൺ കാണാതായതുമായി ബന്ധപ്പെട്ട് തമിഴ്നാട് സ്വദേശിയെ സഹപ്രവർത്തകൻ തലയ്ക്കടിച്ചു കൊലപ്പെടുത്തി. തമിഴ്നാട് മധുര സ്വദേശി മഹാലിംഗം (54) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ കോട്ടയം കറുകച്ചാൽ സ്വദേശി ബിജു (38)വിനെ ചവറ പൊലീസ് പിടികൂടി. വെള്ളി പുലർച്ചെയാണ് സംഭവം.

നീണ്ടകരയിൽ ക്ഷേത്ര നിർമാണത്തിന് എത്തിയതാണ് ഇരുവരും. ബിജുവിന്റെ ഫോൺ മഹാലിംഗം എടുത്തതിനെച്ചൊല്ലി കഴിഞ്ഞ ദിവസം രാത്രി ഇരുവരും തമ്മിൽ വാക്കേറ്റമുണ്ടായിരുന്നു. പുലർച്ചെ ക്ഷേത്രത്തിനു സമീപം ഉറങ്ങിക്കിടക്കുകയായിരുന്ന മഹാലിംഗത്തിന്റെ തലയിൽ ബിജു കമ്പിവടി കൊണ്ട് അടിച്ചു. അടിയേറ്റ മഹാലിംഗം തൽക്ഷണം മരിച്ചു. ബിജു ആംബുലൻസ് വിളിച്ചുവരുത്തി. തുടർന്ന് ആംബുലൻസ് ജീവനക്കാർ ചവറ പൊലീസിൽ വിവരം അറിയിച്ചു. പൊലീസ് എത്തിയാണ് ബിജുവിനെ പിടികൂടിയത്. മൃതദേഹം പാരിപ്പള്ളി മെ ഡിക്കൽ കോളേജ് ആശുപത്രിയിലേക്കു മാറ്റി. വിരലടയാള വിദഗ്ധർ പരിശോധന നടത്തി. മഹാലിംഗത്തിന്റെ ഭാര്യ: മുരുകേശരി. മകൾ: കീർത്തി.

8 പേർക്ക് പരിക്ക്

കാർ കലുങ്കിലിടിച്ച് മുത്തച്ഛനും പേരക്കുട്ടിയും മരിച്ചു

കൂത്തുപറമ്പ്

അരവിന്ദാക്ഷൻ

ഷാരോൺ

മെരുവമ്പായിയിൽ ടവേര കാർ കലുങ്കിലിടിച്ച് മുത്തച്ഛനും പേരക്കുട്ടിയും മരിച്ചു. കുടുംബാംഗങ്ങളും ഡ്രൈവറും ഉൾപ്പെടെ എട്ടുപേർക്ക് പരിക്കേറ്റു. നീർവേലി യുപി സ്കൂൾ റിട്ട. പ്യൂൺ കുഴിക്കൽ മഞ്ചേരിപ്പൊയിലിലെ അരവിന്ദാക്ഷൻ (65), പേരമകൻ കുഴിക്കൽ എൽപി സ്കൂൾ അഞ്ചാം ക്ലാസ് വിദ്യാർഥി ഷാരോൺ (11) എന്നിവരാണ് മരിച്ചത്. വെള്ളി പുലർച്ചെ 3.45ന് മെരുവമ്പായി ടെലിഫോൺ എക്സ്ചേഞ്ചിനുസമീപമാണ് അപകടം.

ഗൾഫിൽ ജോലിചെയ്യുന്ന, അരവിന്ദാക്ഷന്റെ മൂത്തമകൻ അനീഷിന്റെ ഭാര്യ ശിൽപ്പ, മകൾ ആരാധ്യ (11) എന്നിവരെ കരിപ്പൂർ വിമാനത്താവളത്തിൽനിന്ന് കൂട്ടി മഞ്ചേരിപ്പൊയിലിലെ വീട്ടിലേക്ക് വരുന്നതിനിടെയാണ് അപകടം. ശിൽപ്പ (33), മകൾ ആരാധ്യ (11), അരവിന്ദാക്ഷന്റെ ഭാര്യ സ്വയംപ്രഭ (57), മകൻ ഷിനു (39), ഷിനുവിന്റെ ഭാര്യ ധനുഷ (32), ഇവരുടെ ഇരട്ടക്കുട്ടികളായ സിദ്ധാർഥ് (8), സാരംഗ് (8), ഡ്രൈവർ മെരുവമ്പായി സ്വദേശി അഭിഷേക് (26) എന്നിവരെ പരിക്കുകളോടെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഷിനുവിന്റെയും ധനുഷയുടെയും മകനാണ് മരിച്ച ഷാരോൺ.

126 ജുഡീഷ്യൽ ഓഫീസർമാർക്ക് സ്ഥാനക്കയറ്റം

കൊച്ചി

സംസ്ഥാനത്തെ 126 ജുഡീഷ്യൽ ഓഫീസർമാർക്ക് സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നൽകി ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ഉത്തരവിറക്കി. അഡീഷണൽ ജില്ലാ ജഡ്ജിമുതൽ മുൻസിഫ് മജിസ്ട്രേട്ടുമാർവരെയുള്ളവർക്കാണ് സ്ഥലംമാറ്റം.

അഡീഷണൽ ജില്ലാ ജഡ്ജിമാർ

എൻ വി രാജു (വിജിലൻസ് കോടതി മൂവാറ്റുപുഴ), എ എഫ് വർഗീസ് (കുടുംബകോടതി ആലുവ), എസ് സുഭാഷ് (എംഎസിടി കൊല്ലം), എ ജി സതീഷ്കുമാർ (ലേബർ കോടതി കോഴിക്കോട്), ടി പി അനിൽ (സ്പെഷ്യൽ കോടതി, എസ്സിഎസ്ടി തൃശൂർ), ആർ ജയകൃഷ്ണൻ (സ്പെഷ്യൽ കോടതി എസ്സിഎസ്ടി, പോക്സോ കൊട്ടാരക്കര), സി ആർ ദിനേഷ് (കുടുംബകോടതി, നോർത്ത് പറവൂർ), കെ പി പ്രദീപ് (എംഎസിടി ആറ്റിങ്ങൽ), കെ പി സുനിൽ (കുടുംബകോടതി നെടുമങ്ങാട്), കെ പി സുനിത (കുടുംബകോടതി മലപ്പുറം), എ വി ഉണ്ണിക്കൃഷ്ണൻ (എംഎസിടി കാസർകോട്), എസ് കെ അനിൽകുമാർ (എംഎസിടി കൽപ്പറ്റ), എം മുഹമ്മദ് റായീസ് (കുടുംബകോടതി, പുനലൂർ), കെ ഷൈൻ (കുടുംബകോടതി കുന്നംകുളം), കവിത ഗംഗാധരൻ (എംഎസിടി നെയ്യാറ്റിൻകര), കെ എം രതീഷ്കുമാർ (സ്പെഷ്യൽ ജഡ്ജി, എഫ്ടിഎസ്സി ഒന്ന് തൃശൂർ), കെ രാജേഷ് (സ്പെഷ്